പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

അടിയന്തിര ചോദ്യം - 21.12.2012 ൽ മറുപടിയ്ക്ക്

ആഭരണ വ്യാപാര മേഖലയിലെ നികുതി ചോർച്ച

| ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ എം.എൽ.എ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | 2010-11, 2011-12 സാമ്പത്തിക വർഷം ആഭരണവിപണിയിൽ നിന്നും ലഭിച്ച നികുതി എത്രയെന്ന് വെളിപ്പെടുത്താമോ; | (എ) | 2010-11, 2011-12 സാമ്പത്തിക വർഷം ആഭരണമേഖലയിൽ നിന്നും ലഭിച്ച നികുതി ചുവടെ ചേർക്കുന്നു. |

| വർഷം | കളക്ഷൻ (തുക കോടിയിൽ) |
|---|---|
| 2010-11 | 225.40 |
| 2011-12 | 302.20 |

<table>
<tr>
<td>(ബി)</td>
<td>സംസ്ഥാനത്ത് സ്വർണ്ണാഭരണങ്ങൾക്ക് എത്ര ശതമാനം മൂല്യവർദ്ധിത നികുതി യാണ്ചുമത്തുന്നത്:മറ്റു സംസ്ഥനങ്ങളിൽ എത്ര ശതമാനം നികുതി യാണ് ചുമത്തുന്നതെന്ന് അറിയാമോ;</td>
<td>(ബി)</td>
<td>
കേരളത്തിൽ നിലവിൽ സ്വർണ്ണാഭരണങ്ങൾ വാറ്റ് നിയമത്തിന്റെ ഷെഡ്യൂൾ മൂന്നിൽ ഉൾപ്പെടുത്തി 5 ശതമാനം നികുതിയാണ് ചുമത്തുന്നത്. സ്വർണ്ണവ്യാപാരി കോമ്പൗണ്ടഡ് നികുതി വ്യവസ്ഥയിൽ നികുതി ഒടുക്കുവാൻ ഓപ്റ്റ് ചെയ്യുന്ന പക്ഷം ഈ നികുതി നിരക്ക് ബാധകമല്ല. അപ്രകാരമുള്ളവർക്ക് മുൻവർഷം അടച്ച നികുതിയുടെ ഒരു നിശ്ചിത ശതമാനം കൂട്ടി ഇക്കൊല്ലം നികുതി ഒടുക്കിയാൽ മതിയാകും. ആദ്യമായി കോമ്പൗണ്ടിംഗ് ഓപ്റ്റ് ചെയ്യുന്നവർ തൻവർഷം നൽകേണ്ട നികുതി താഴെ പറയും പ്രകാരമാണ്.
<table>
<tr><td>1.</td><td>10 ലക്ഷം രൂപ വരെ വിറ്റു വരവ്</td><td>കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 115%</td></tr>
<tr><td>2.</td><td>10 ലക്ഷത്തിനു മുകളിൽ 40 ലക്ഷം വരെ</td><td>കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 120%</td></tr>
<tr><td>3.</td><td>40 ലക്ഷത്തിനു മുകളിൽ 1 കോടി വരെ</td><td>കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 135%</td></tr>
<tr><td>4.</td><td>1 കോടിക്കു മുകളിൽ</td><td>കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 150%</td></tr>
</table>
മുൻവർഷം കോമ്പൗണ്ടഡ് വ്യവസ്ഥയിൽ നികുതി അടച്ചവർ തൻവർഷം നൽകേണ്ട നികുതി താഴെപ്പറയും പ്രകാരമാണ്.
<table>
<tr><td>1.</td><td>10 ലക്ഷം രൂപ വരെ വിറ്റു വരവ്</td><td>കഴിഞ്ഞ വർഷം അടച്ച അതേ നികുതി</td></tr>
<tr><td>2.</td><td>10 ലക്ഷത്തിനു മുകളിൽ 40 ലക്ഷം വരെ</td><td>കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 105%</td></tr>
<tr><td>3.</td><td>40 ലക്ഷത്തിനു മുകളിൽ 1 കോടി വരെ</td><td>കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 115%</td></tr>
<tr><td>4.</td><td>1 കോടിക്കു മുകളിൽ</td><td>കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 125%</td></tr>
</table>
കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ ഒരു ശതമാനം ആണ് സ്വർണ്ണാഭരണങ്ങളിന്മേലുള്ള നികുതി നിരക്ക്.
</td>
</tr>
</table>

| | | | |
|---|---|---|---|
| (സി) | കേരളത്തിൽ ആഭരണങ്ങൾക്ക് നിലവിലുള്ള ഉയർന്ന നികുതി നിരക്ക് ആഭരണ വ്യാപാര മേഖലയിൽ നിന്നും ഉണ്ടാവേണ്ട വരുമാനത്തിൽ നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വാറ്റ് ചുമത്തുന്നതു മൂലം വ്യാപാര മേഖലയിൽ വരുമാനനഷ്ടമുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാരിനെ സംബന്ധിച്ച് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | അധിക മൂല്യവർദ്ധിത നികുതി ചുമത്തുമ്പോൾ കണക്കിൽ കാണിക്കാതെയും ബില്ല് നൽകാതെയുമുള്ള വ്യാപാരം വർദ്ധിക്കുന്നതു മൂലം സംസ്ഥാനത്തിന് നികുതി ചോർച്ച സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഉയർന്ന ഷെഡ്യൂൾ നിരക്കും ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥയും ചേർന്ന സമവാക്യം നികുതിവരുമാനം ഉയർത്തിയതായാണ് കണ്ടുവരുന്നത്. വ്യാപാര സ്ഥാപനങ്ങളുടെ കണക്കുകൾ അവർ സത്യസന്ധമായി സൂക്ഷിക്കേണ്ടതാണ് എന്ന് വാറ്റ് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരം അവർ അത് ചെയ്യാത്ത പക്ഷം നിയമപ്രകാരമുള്ള നടപടികൾ വകുപ്പുകൾ സാധാരണ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ